**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2861** **12-07-2022 - ൽ മറുപടിയ്ക്ക്**

**മോര്യാകാപ്പ് ജലസേചന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാകാപ്പ് ജലസേചന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി അവശേഷിക്കുന്ന നടപടികൾ വിശദമാക്കാമോ; | (എ) | തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യകാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് “Improvements of Moryakapp (Farmer’s Natural Water Source) at Nannambra Panchayath in Malappuram District – Phase I” എന്ന പേരിലുള്ള പ്രവൃത്തി കോഴിക്കോട് മൈനർ ഇറിഗേഷൻ സർക്കിൾ kq{]ണ്ടിംKv-എൻജിനീയറുടെ കാര്യാലയത്തിലെ 03/03/2019 തീയതിയിൽ നടപടി ക്രമം നമ്പർ DB3/214/05 പ്രകാരം റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തതാണ്. തുടർന്ന് ഡി.എസ്.ആർ 2018 പ്രകാരമുള്ള നിരക്ക് നിലവിൽ വന്നിട്ടുള്ളതിനാൽ അതുപ്രകാരം ഡി.പി.ആർ തയ്യാറാക്കി നൽകാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്ന തിനുള്ള സോഫ്റ്റ് വെയർ പ്രൈസ്-1 ന്റെ അപ്ഡേഷൻ പ്രൈസ്-3 നിലവിൽ വന്നതുകാരണം എസ്റ്റിമേറ്റ് പ്രൈസ്-3 യിൽ തയ്യാറാക്കി സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടന്നു കൊണ്ടിരിക്കുന്നു. ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രവൃത്തിക്ക് ഏതൊക്കെ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ തുക വകയിരുത്തിയിരുന്നു; എത്ര തുക വീതം; വിശദമാക്കുമോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം -2 വോള്യം -2-ൽ ക്രമ നം. 1793 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി മോര്യകാപ്പ് ജലസേചന പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയുടെ (500.00 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 100 .00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തിക്ക് മുൻപ് ബജറ്റിൽ 5 കോടി രൂപ വകയിരുത്തിയെങ്കിലും ഭരണാനുമതി | (സി) | 2019-20 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റ് അനുബന്ധം-2 വോള്യം-2-ൽ ക്രമ |

| | | | |
|---|---|---|---|
| | ലഭ്യമാകാത്തതിന്റെ കാരണങ്ങൾ അറിയിക്കുമോ; അന്ന് ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിന്നോ; ഉണ്ടെങ്കിൽ ആയത് സർക്കാരിൽ സമർപ്പിച്ചിരുന്നോ; വിശദമാക്കുമോ; | | നം.1793 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തി മോര്യകാപ്പ് ജലസേചന പദ്ധതിക്കായി എസ്റ്റിമേറ്റ് തുകയുടെ (500.00 ലക്ഷം രൂപ) ഇരുപത് ശതമാനം തുകയായ 100.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 05/07/2018 ൽ ബഹു.കേരള ഹൈക്കോടതി WA No.1103/2018 കേസ്സുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 25/03/2019 തീയ്യതിയിലെ ജി.ഒ.(ആർ.ടി) നമ്പർ 212/2019/WRD സർക്കാർ ഉത്തരവ് പ്രകാരം തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട മോര്യാക്കാപ്പ് ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുവാൻ ജലസേചനവും ഭരണവും, ചീഫ് എഞ്ചിനീയർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് DSR 2016 പ്രകാരമുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചുവെങ്കിലും ഡിപിആർ ലഭിച്ചിരുന്നില്ല. ഇപ്പോൾ DSR 2018 നിലവിൽ വന്നതിനാൽ DSR 2018 പ്രകാരമുള്ള DPR തയ്യാറാക്കുന്നതിനും എസ്റ്റിമേറ്റ് പ്രൈസ്-3യിൽ തയ്യാറാക്കി നൽകുന്നതിനുമുള്ള നടപടികൾ ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ ആരെങ്കിലും പരാതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ പരാതിയുടെ ഉള്ളടക്കവും പരാതിക്കാരന്റെ വിവരങ്ങളും വിശദീകരിക്കാമോ? | (ഡി) | മോര്യാകാപ്പിലെ പഴയ പ്രവർത്തിയുടെ കരാർ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നതിനെതിരെ കരാറുകാരൻ കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസല്ലാതെ ഈ പദ്ധതി നടപ്പിലാക്കുന്നതിനെതിരെ മറ്റു പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ